സ്ഥാപിക്കുന്നതിനായി പുതിയ വ്യവസായ നയത്തിന്റെ ഭാഗമായി വിവിധ തരത്തിലുള്ള ആനുകൂല്യങ്ങളും ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

ഖാദി ഗ്രാമ വ്യവസായ ബോർഡു വഴി ഗ്രാമ വ്യവസായ യൂണിറ്റുകൾക്ക് കണ്സോർഷ്യം സ്കീം പ്രകാരം നേരിട്ട് വായ്പ അനുവദിക്കുന്നുണ്ട്. കൂടാതെ പലിശ സബ്സിഡിയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയ്ക്ക് മാർജിൻമണി ഗ്രാന്റും ഖാദി ബോർഡ് അനുവദിക്കുന്നുണ്ട്. ഇതിനുപുറമെ സംസ്ഥാന സർക്കാർ പദ്ധതി പ്രകാരം ഖാദി ബോർഡ് നേരിട്ട് ചെറുകിട യൂണിറ്റുകൾ ആരംഭിച്ചുവരുന്നു.

(സി) കൂടുതൽ ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിതമാകുകയും അതിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും അതിന്റെ ഫലമായി ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ഒരു പരിധിവരെ ആക്കം കൂട്ടുവാനും കഴിഞ്ഞിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ മുതൽമുടക്ക്

14 (1355) ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995-96, 1996-97, 1997-98, 1998-99 എന്നീ ഓരോ സാമ്പത്തിക വർഷങ്ങളിലേയും കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ കേന്ദ്രഗവൺമെന്റിന്റെ മുതൽമുടക്ക് എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് കേന്ദ്ര മുതൽമുടക്കിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭ്യമായ കണക്കനുസരിച്ച് സംസ്ഥാനത്ത് 95-96-ൽ 484.37 കോടി രൂപയും, 96-97-ൽ 601.74 കോടി രൂപയും 97-98-ൽ 724.04 കോടി രൂപയും ആണ് കേന്ദ്ര ഗവൺമെന്റ് നിക്ഷേപം. 1998-99 സാമ്പത്തിക വർഷത്തെ കണക്ക് ശേഖരിച്ച് വരുന്നതേ ഉള്ളൂ.

(ബി) ഇത് അതതു വർഷങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ ആകെ നിക്ഷേപത്തിന്റെ 1.68 ശതമാനവും, 2.14 ശതമാനവും, 2.39 ശതമാനവും വീതമാണ്.

'ടെൽക്കി'ന് സാമ്പത്തിക സഹായം

15 (1356) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടെൽക്കിന് ഏതെല്ലാം വിധത്തിൽ എത്ര കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) 1998-99 സാമ്പത്തിക വർഷം ടെൽക്ക് ലാഭത്തിലാണോ പ്രവർത്തിച്ചിരുന്നത്; എങ്കിൽ എത്രയായിരുന്നു ലാഭമെന്നറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly